ഗ്രാമ പഞ്ചായത്തുകളിലെ സിനിമാ പ്രദർശനശാലകളിലെ വിനോദ നികുതി വെട്ടിപ്പ്

12 (*482)ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ സിനിമാപ്രദർശനശാലകളിലെ വിനോദനികുതി വെട്ടിപ്പ് തടയുന്നതിന് നിലവിൽ ശക്തമായ സംവിധാനമില്ലെന്നുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(സി) പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും ഇക്കാര്യത്തിൽ മിന്നൽ പരിശോധന നടത്തുന്ന പതിവ് നിറുത്തിവച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷമായി; നിറുത്തുവാനുള്ള കാരണം വ്യക്തമാക്കുമോ

(ഡി) വിനോദനികുതി വെട്ടിപ്പ് തടയുന്നതിന് പഞ്ചായത്തുതലത്തിലുള്ള സംവിധാനമൊഴിച്ച് മറ്റെന്തു സംവിധാനമാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി).

(എ) ഉണ്ട്.

(ബി)&(സി) വിനോദ നികുതി വെട്ടിപ്പ് പരിശോധന ഫലപ്രദമായി ഇപ്പോൾ നടക്കുന്നില്ല. 1961-ലെ കേരള ലോക്കൽ അതോറിറ്റിയിൽ എന്റർടെയിൻമെന്റ് ടാക്സ് ആക്ട് സെക്ഷൻ 9-ന് 1987ൽ വരുത്തിയ ഭേദഗതി പ്രകാരം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ തിയേറ്ററുകളിൽ പഞ്ചായത്ത് ഡയറക്ടറും ഡയറക്ടർ നിയോഗിക്കുന്ന ഉദ്യോഗസ്ഥന്മാരും പരിശോധിച്ച് വിനോദനികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്. അതു പ്രകാരം സംസ്ഥാനത്തെ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും അസിസ്റ്റന്റ് ഡയറക്ടർമാർക്കും തിയേറ്റർ പരിശോധിക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് ഡയറക്ടർ നൽകിയിട്ടുണ്ട്. എന്നാൽ 'എസ്കേപ്സ് ടാക്സ്' എന്താണെന്ന് ആക്ടിൽ വ്യക്തമല്ലാത്തതിനാൽ അതു വ്യക്തമാക്കിക്കൊണ്ടുള്ള ഭേദഗതി ആക്ടിൽ വരുത്താൻ ഡബ്ല്യു.എ.നമ്പർ 259/93-ലെ വിധിപ്രകാരം 17.2.93-ൽ കേരള ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള നിർദ്ദേശം ഗവൺമെന്റ് പരിശോധിച്ചുവരുന്നു. പ്രസ്തുത ഭേദഗതി നിലവിൽ വന്നിട്ടില്ലാത്തതിനാൽ ഇതിനെതിരായുള്ള നിയമനടപടികൾ ഫലപ്രദമാകുന്നില്ല. ഇക്കാരണത്താൽ വിനോദ നികുതി വെട്ടിപ്പു ഫലപ്രദമായി നേരിടാനും സാധിക്കുന്നില്ല.

(ഡി) പഞ്ചായത്തുതലത്തിലുള്ള സംവിധാനം മാത്രമേ നിലവിലുള്ളു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരസ്യനികുതി പിരിക്കുന്നതിൽ കാണിക്കുന്ന അലംഭാവം

13 (*483)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. മുനീർ :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരസ്യനികുതി പിരിക്കുന്നതിൽ അലംഭാവം കാണിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം അന്വേഷിക്കുമോ ;

(സി) സിനിമാപ്രദർശനം സംബന്ധിച്ച പരസ്യങ്ങളുടെ നികുതി ഈടാക്കുന്നതിൽ നിന്നും ഏതെങ്കിലും ഇനം ഒഴിവാക്കിയിട്ടുണ്ടോ

(ഡി) എങ്കിൽ നികുതി ഈടാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ ;

(ഇ) പിരിവ് നടത്തുന്നതിനുള്ള അവകാശം ലേലത്തിൽ പിടിക്കുന്നവർ ഉയർന്ന നിരക്കിൽ നികുതി പിരിവ് നടത്തുന്നതായ പരാതി അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി).

(എ) ബാദ്ധ്യതയനുസരിച്ചുള്ള നികുതിപിരിവ് നടക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) സർക്കാരിന്റെ 30.6.1989-ലെ ജി.ഒ.(എം.എസ്) 5289/89 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ പൊതുകാഴ്ചയ്ക്കായി പതിപ്പിച്ചിട്ടുള്ള സിനിമാ പരസ്യങ്ങൾ പരസ്യ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

(ഡി) നിയമാനുസൃതം നികുതി ഈടാക്കുന്നതിന് ഇപ്പോൾതന്നെ വ്യവസ്ഥയുണ്ട്. ഇത് കൂടുതൽ കർശനമാക്കുന്ന കാര്യം രണ്ടാം ധനകാര്യ കമ്മിഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിക്കുന്നതാണ്.

(ഇ) കരാർ ലംഘനം ഉണ്ടെന്ന് കാണുന്നതായാൽ നടപടി സ്വീകരിക്കുന്നതാണ്.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹായം

14 (*484)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് നൽകുന്ന ധനസഹായത്തിൽ മാറ്റം വരുത്തണമെന്ന് 11-ാം ധനകാര്യകമ്മിഷൻ മുമ്പാകെ എന്തെങ്കിലും നിർദ്ദേശം സംസ്ഥാനസർക്കാർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 8-ഉം, 9-ഉം, 10-ഉം ധനകാര്യ കമ്മിഷനുകൾ സർക്കാരിന് എന്ത് തുക വീതം നൽകിയിട്ടുണ്ട് ;

(സി) ഇതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ).

LIBRARY ARCHIVES Kerala Legislative Assembly